**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 889** **14-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സംഭവങ്ങൾ കൂടി വരുന്ന സാഹചര്യം പ്രതിരോധിക്കുന്നതിനായി എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | \|കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സംഭവങ്ങൾ പ്രതിരോധിക്കുന്നതിനായി വനാതിർത്തിയിൽ സൌരോർജ്ജ കമ്പിവേലികൾ, ആനകിടങ്ങുകൾ, മതിലുകൾ എന്നിവ നിർമ്മിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവ നിർമ്മിച്ചും/ നവീകരിച്ചും ജലത്തിന്റേയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലർട്ട് സംവിധാനവും, ജനജാഗ്രതാ സമിതികളുടെയും ദ്രുതകർമ്മ സേന (റാപ്പിഡ് റസ്പോൺസ് ടീം)കളുടെയും സേവനം ഈ പ്രദേശങ്ങളിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി ജൈവവേലിയും, ക്രാഷ്ഗാർഡ് റോപ്പ്/റെയിൽ ഫെൻസിംഗ് എന്നിവയും പുതുതായി നിർമ്മിച്ചുവരുന്നുണ്ട്. |
| (ബി) | ഇതിന് ശാശ്വതപരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (ബി) | (ബി) ഈ വിഷയത്തിൽ ശാശ്വത പരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട്, ഡെറാഡൂണും, കേരള വനം വകുപ്പും സംയുക്തമായി പഠനം നടത്തി വരുകയാണ്. ഇതിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ